(ഡി) എങ്കിൽ കയറ്റിറക്കുമതി നയത്തിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്രത്തിന്റെ നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇറക്കുമതി നിയന്ത്രിക്കുന്നതിന് തീരുവ ഉയർത്തണമെന്ന് സംസ്ഥാന സർക്കാരിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) ഉണ്ട്. ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയിട്ടുള്ള കയറ്റിറക്കുമതി നയങ്ങൾ പ്രകാരം ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതിക്ക് ഡബ്ല്യു. റ്റി. ഒ. നിബന്ധനകൾ പ്രകാരം സോയാബീൻ എണ്ണ ഒഴിച്ച് മറ്റു എണ്ണകൾക്ക് 300 ശതമാനം വരെ ഇറക്കുമതി തീരുവ ചുമത്താമെങ്കിലും ക്രൂഡ് പാമോലിന് 65 ശതമാനം മാത്രം തീരുവ ഏർപ്പെടുത്തിയതുകൊണ്ടും ആർ.ബി.ഡി. പാമോലിന് 85 ശതമാനം ആയിരുന്നത് 2003-ൽ 70 ശതമാനമായി കുറയ്ക്കുകകൂടി ചെയ്തുകൊണ്ടും വെളിച്ചെണ്ണയുടെ വിപണിയെ ദോഷകരമായി ബാധിച്ചത് സംസ്ഥാനത്തിന്റെ കേര സമ്പദ്ഘടനയ്ക്ക് വൻ ആഘാതമുണ്ടാക്കി. കൂടാതെ ഇൻഡോ-ശ്രീലങ്കൻ സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ കാർഷി കോൽപ്പന്നങ്ങൾ തീരുവരഹിതമായി ഇറക്കുമതി ചെയ്യപ്പെടുന്നത് സംസ്ഥാനത്തിന്റെ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണിയെ സാരമായി ബാധിച്ചിട്ടുണ്ട്.

(സി) കരുതുന്നുണ്ട്.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം കേന്ദ്ര സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഇറക്കുമതി നിയന്ത്രിക്കുന്നതിനായി ഇറക്കുമതി തീരുവ പരമാവധി ഡബ്ല്യു. റ്റി. ഒ. നിബന്ധിത നിരക്കിലേക്ക് ഉയർത്തണമെന്ന സംസ്ഥാനത്തിന്റെ സ്ഥിരമായ ആവശ്യം പുതിയ കേന്ദ്രസർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കാൻ നടപടി

*28 [88] ശ്രീ. കെ. സി. ജോസഫ്:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എം. പി. ഗംഗാധരൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഒരു മാസത്തേക്കാവശ്യമായ മണ്ണെണ്ണയുടെ അളവെത്ര;

(ബി) ഇപ്പോൾ സംസ്ഥാനത്തിനു അനുവദിച്ച മണ്ണെണ്ണയുടെ വിഹിതമെത്ര;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2004 ഏപ്രിൽ മാസത്തിൽ നൽകിയിരുന്ന വിഹിതം കുറയുകയുണ്ടായോ: എങ്കിൽ എന്തുകൊണ്ട്;

(ഡി) മണ്ണെണ്ണയുടെ വിഹിതം കൂട്ടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) നിലവിലുള്ള റേഷൻ കാർഡുടമകൾക്കും പെർമിറ്റുകാർക്കും ഒരു മാസം വിതരണം ചെയ്യുന്നതിന് ആവശ്യമായ മണ്ണെണ്ണ 33,174 കി. ലിറ്റർ ആണ്.

(ബി) ഇപ്പോൾ സംസ്ഥാനത്ത് അനുവദിച്ച പ്രതിമാസ മണ്ണെണ്ണ വിഹിതം 22,598 കി. ലിറ്ററാണ്.

(സി) കുറയുകയുണ്ടായി. 2001 ഏപ്രിൽ മുതൽ ഓരോ വർഷവും കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ അലോട്ടുമെന്റിൽ കുറവുവരുത്തിവരുകയാണ്. ഓരോ വർഷവും സംസ്ഥാനത്ത് പുതുതായി നൽകുന്ന പാചകവാതക കണക്ഷനുകളുടെ അടിസ്ഥാനത്തിൽ മണ്ണെണ്ണയുടെ ഉപയോഗത്തിൽ കുറവു വരുമെന്നും അതിനാലാണ് മണ്ണെണ്ണ വിഹിതം കുറയ്ക്കുന്നത് എന്നുമാണ് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണ വിഹിതം കൂട്ടിത്തരണമെന്ന് സംസ്ഥാന ഗവൺമെന്റ് മുൻ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയായിരുന്നെങ്കിലും ക്രമാനുഗതമായി വിഹിതം കുറയ്ക്കുകയല്ലാതെ കൂട്ടുകയുണ്ടായില്ല. വിഹിതം വർദ്ധിപ്പിക്കാൻ പുതിയ കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

*29 [89] ശ്രീ. തോമസ് ചാഴികാടൻ:

" കെ. നാരായണക്കുറുപ്പ്:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ പുനസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർത്തലാക്കിയ ആനുകൂല്യങ്ങളിൽ ഏറിയ പങ്കും പുനസ്ഥാപിച്ചിട്ടുണ്ട്. 19-6-2003-ലെ സ.ഉ.നമ്പർ. 328/03/ ധന പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം ഭാഗികമായി പുനസ്ഥാപിക്കുകയും, പുതുതായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് മുഴുവൻ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനസ്ഥാപന കാലപരിധി 15 വർഷത്തിൽ നിന്നും 12 വർഷമാക്കിയിട്ടുണ്ട്. 16-6-2004-ലെ സ.ഉ.(പി) നമ്പർ. 279/2004/ധന പ്രകാരം ലീവ് സറണ്ടർ ആനുകൂല്യം പൂർണ്ണമായി പുനസ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly